പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 433 29/06/2016 -ൽ മറുപടിയ്ക്ക്

## പിഷാരികാവ് ക്ഷേത്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. | |
| എ) | മലബാറിലെ കൊല്ലം ശ്രീ. പിഷാരികാവ് ക്ഷേത്രത്തിൽ ഓൺ ഫണ്ടായി സ്ഥിരം നിക്ഷേപം ഉൾപ്പെടെ എത്ര രൂപ നിലവിൽ നീക്കിയിരിപ്പുണ്ട് എന്നത് വിശദമാക്കാമോ ; | എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊല്ലം ശ്രീ. പിഷാരികാവ് ക്ഷേത്രത്തിൽ സ്ഥിരനിക്ഷേപം ഉൾപ്പെടെ ഓൺ ഫണ്ടായി 16,77,77,739/- (പതിനാറ് കോടി എഴുപത്തി ഏഴ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒമ്പത് രൂപ മാത്രം) നീക്കിയിരിപ്പുണ്ട്. |
| ബി) | ഈ തുക ഉപയോഗപ്പെടുത്തി മലബാറിലെ പ്രധാന ക്ഷേത്രമായ ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; | ബി) | കൊല്ലം ശ്രീ. പിഷാരികാവ് ക്ഷേത്രത്തിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു മാസ്റ്റർ പ്ലാൻ ബോർഡിന്റെ പരിഗണനയിലാണ്. ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടു കൂടിയ കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണം, കംഫർട്ട് സ്റ്റേഷനിലും ക്ഷേത്രപരിസരത്തുമുള്ള മലിനജലം ശേഖരിച്ച് ശുദ്ധീകരിച്ച് പുറത്തേക്ക് വിടുന്ന സംവിധാനം, ഒരേ സമയം ഒരു ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഖരമാലിന്യം കത്തിച്ച് പരിസര മലിനീകരണം നടക്കാത്ത വിധത്തിലുള്ള ആധുനിക ഇൻസിനറേറ്റർ പ്രവർത്തന സജ്ജമാക്കുന്ന പ്രവൃത്തി, നിലവിലുള്ള ബയോഗ്യാസ് പ്ലാന്റിലെ മലിനജലവും ഖരമാലിന്യങ്ങളും പൂർണ്ണമായും നീക്കം ചെയ്ത് പുതുതായി ബാക്ടീരിയ ഉത്പാദനം നടത്തിച്ച് പ്രവർത്തനം സജ്ജമാക്കുന്ന പ്രവൃത്തി, നാലമ്പലം ചെമ്പടിക്കുന്ന പ്രവൃത്തി, പത്തായപ്പുര പുതുക്കി നിർമ്മിക്കൽ, ആനക്കുളം, വടയാനക്കുളം സംരക്ഷണം, ക്ഷേത്രത്തിനകത്ത് 4 ഭാഗവും |

ശീവേലിപ്പുര നിർമ്മാണം, പ്രദക്ഷിണ വഴി കരിങ്കൽ പാകൽ, മുറ്റം പൂർണ്ണമായും ടൈൽസ് പാകൽ, ഗസ്റ്റ് ഹൗസ് ഊട്ടുപുര ഉൾപ്പെടുന്ന 5 നിലകെട്ടിടം പ്രവൃത്തി തുടങ്ങിയവ ഉൾപ്പെടുന്നതാണ് മാസ്റ്റർ പ്ലാൻ.

സി) ശ്രീ. പിഷാരികാവ് ക്ഷേത്രത്തിനോട് ചേർന്നുള്ള ആനക്കുളവും കൊല്ലം ചിറയും പുനരുദ്ധീകരിക്കാൻ ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; തുടർനടപടികൾ വിശദമാക്കാമോ ?

സി) കൊല്ലം ചിറ നവീകരണത്തിന് കേരളാ ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ 3,28,00,000/- (മൂന്ന് കോടി ഇരുപത്തി എട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിക്കുകയും ആയത് ബോർഡിന് സമർപ്പിക്കുകയും ചെയ്തതിനാൽ നബാർഡ് അംഗീകാരം നൽകി ഫണ്ട് അലോട്ട്മെന്റിനായി നബാർഡിന്റെ ഹെഡ് ഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ